**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5609** **24-03-2025-ൽ മറുപടിയ്ക്ക്**

**<u>പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നിനെയും സംബന്ധിച്ച് വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**

അനുബന്ധം

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ആയിരുന്ന ശ്രീ.സുരേഷ് ജോർജ്ജ്, ശുചിത്വ മിഷൻ ഫണ്ടും, പഞ്ചായത്തിന്റെ തനത് ഫണ്ടും അടക്കം 4,20,000/- രൂപ ദുരുപയോഗം ചെയ്തതായി മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ.സുരേഷ് ജോർജ്ജ് കുറ്റം ചെയ്തതായി കണ്ടെത്തിയതിനാൽ ടിയാനെ നിലവിൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ വകുപ്പുതല അന്വേഷണം നടത്തി വരുകയും ചെയ്യുന്നു.

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ മാതൃയാനം പദ്ധതിയുമായി (എൻ.എച്ച്. എം) ബന്ധപ്പെട്ട ഡ്രൈവർമാരുടെ എഗ്രിമെന്റ് പുതുക്കുന്നതിൽ ആശുപത്രി സൂപ്രണ്ട് ആവശ്യമായ നടപടി സ്വീകരിച്ചില്ല എന്നും മാതൃയാനം പദ്ധതിയുടെ ആനുകൂല്യങ്ങൾ കൈപ്പറ്റാത്തവരുടെ പേരിൽ വ്യാജ വൗച്ചർ ഉണ്ടാക്കി ആനുകൂല്യങ്ങൾ ദുരുപയോഗം നടത്തിയതായും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തുകയുണ്ടായി. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഫിനാൻസ് ആഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും സ്ഥാപനത്തിന് നഷ്ടമായ 11,886/- രൂപ തുക, ബാധ്യതയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പത്തനംതിട്ട ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ടിൽ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ രോഗ പ്രതിരോധ കുത്തിവയ്പ്പ് പകർച്ച വ്യാധി നിയന്ത്രണ പ്രൊജക്റ്റ് -ഉറവിട നശീകരണം എന്നിവ സംബന്ധിച്ച് തടസ്സ വാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ രണ്ടു പദ്ധതികളും സംബന്ധിച്ച ക്രമക്കേടുകൾ കണ്ടെത്തിയതിന് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ക്യാൻസർ കെയർ പ്രോഗ്രാമുമായി ബന്ധപ്പെട്ട് തൃശൂർ മാള സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡോ.ആശ പി എസ് 25,430/- രൂപ ദുരുപയോഗം ചെയ്തതായി തൃശൂർ ജില്ലാ മെഡിക്കൽ ഓഫിസറുടെ പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ബാധ്യതാതുക അടക്കുവാൻ ജീവനക്കാരിക്ക് നിർദ്ദേശം നൽകിയെങ്കിലും ഡോ. ആശ പി എസ് OA(EKM) 892/2024 പ്രകാരം കേസ് ഫയൽ ചെയ്ത് എറണാകുളം KAT യിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതാകുന്നു.

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ ഒട്ടുവള്ളിത്തട്ട് സി.എച്ച്.സി യിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നടത്തിയ Special Audit ൽ ഡോ.അനിത.പി.വിയ്ക്ക് 1,17,349/-രൂപയും, ശ്രീമതി.ഉഷാ കുമാരി. കെ.പി യ്ക്ക് 999/-രൂപയും ബാധ്യത നിശ്ചയിച്ചിട്ടുണ്ട്. ഒട്ടുവള്ളിത്തട്ട് സി.എച്ച്.സി യിലെ ക്രമക്കേട് സംബന്ധിച്ച് കണ്ണൂർ ജില്ലാമെഡിക്കൽ ഓഫീസർ സമർപ്പിച്ച സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിലുള്ള ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ 2016 സെപ്റ്റംബർ മാസം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ആഭ്യന്തര വിഭാഗം നടത്തിയ സ്പെഷ്യൽ ഓഡിറ്റിൽ 01/03/2014 മുതൽ 09/05/2015 വരെയുള്ള കാലയളവുകളിൽ (JSS പദ്ധതിക്കായി) എൻ.എച്ച്.എം ഫണ്ട് വിതരണം ചെയ്ത വകയിൽ 6,07,000/- (ആറ് ലക്ഷത്തി

ഏഴായിരം രൂപ മാത്രം) രൂപയുടെ പണാപഹരണം നടന്നതായി കണ്ടെത്തിയിരുന്നു. പണാപഹരണത്തിന് ഉത്തരവാദിയായി കണ്ടെത്തിയ സ്ഥാപനത്തിലെ സീനിയർ ക്ലർക്കായ ശ്രീമതി.മനീഷ.ജി.എം-നെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശിത തുക 18% പലിശയോട് കൂടി സർക്കാരിലേക്ക് അടയ്ക്കുന്നതിനും ശിക്ഷാ നടപടിയുടെ ഭാഗമായി ടിയാളെ നിലവിലെ സീനിയർ ക്ലാർക്കുമാരിൽ ഏറ്റവും ജൂനിയർ ആയി മാറ്റുമെന്ന് താൽക്കാലികമായി തീരുമാനിക്കുകയും സ്ഥാനക്കയറ്റം തടഞ്ഞു വയ്ക്കുകയും ചെയ്യുകയുണ്ടായി. ടി തീരുമാനങ്ങൾക്കെതിരെ ശ്രീമതി.മനീഷ.ജി.എം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ 2404/2021, 1213/2025 നമ്പർ ഒറിജിനൽ ആപ്ലിക്കേഷനുകൾ ഫയൽ ചെയ്യുകയും 31/10/2025 ൽ പരാതിക്കാരിക്ക് അനുകൂലമായി ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 31/10/2025 ലെ ട്രൈബ്യൂണൽ ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ഇക്കാര്യം അഡ്വക്കേറ്റ് ജനറലിനെ 14/02/2026 ലെ കത്തിലൂടെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

C&AG യുടെ 2024 ലെ Report on Public Health Infrastructure and Management of Health Services (Report No.6) കോവിഡ് കാലത്ത് സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നുൾപ്പെടെ പി.പി.ഇ കിറ്റ് വാങ്ങിയതിൽ സർക്കാരിന് അധികചെലവ് സംഭവിച്ചുവെന്നും, മരുന്നുവിതരണത്തിലെ കാലതാമസം, കുറഞ്ഞ അളവിലുള്ള ഇൻഡൻഡിംഗ്, മരുന്നുകളുടെ ഗുണനിലവാര പരിശോധനയിലെ അപാകതകൾ എന്നിവയും പരാമർശിച്ചിട്ടുണ്ട്. അപാകതകൾക്കെതിരെ നടപടികൾ ശിപാർശ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ